# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4376** — **24.06.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്**

### വല്ലാർപാടം റിംഗ് ബൗണ്ട് റോഡ്

**ചോദ്യം**

**ശ്രീ.എസ്.ശർമ്മ :**

(എ) വല്ലാർപാടം റിംഗ് ബൗണ്ട് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; എത്ര തുകയാണ് പ്രസ്തുത റോഡിനായി നീക്കിവെച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ യെന്ന് വ്യക്തമാക്കാമോ?

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) & (ബി) വല്ലാർപാടം പ്രദേശത്തെ വികസനവുമായി ബന്ധപ്പെട്ട് തീരസംരക്ഷണവും ഒരു ബണ്ട് റോഡ് നിർമ്മിക്കുന്നതിനും വേണ്ടി 13/02/2012- ലെ സ.ഉ(സാധാ)നം.443/2012/ത.സ്വ.ഭ.വ. പ്രകാരം 17.14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വല്ലാർപാടം റിംഗ് ബണ്ട് റോഡിലുള്ള ഏതാനും സ്ലൂയിസുകളുടെ(ഓവ്) പുനർനിർമ്മാണവും മറ്റു അനുബന്ധ പ്രവൃത്തികളും എറണാകുളം മൈനർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ 3.42 കോടി രൂപ ചിലവാക്കി പൂർത്തീകരിച്ചു. എറണാകുളം മേജർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ വരുന്ന ബണ്ട് റോഡിന്റെ നിർമാണത്തിനായി 14.17 കോടി രൂപയുടെ സാങ്കേതിക അനുമതിക്കുള്ള പ്രൊപ്പോസലിൽ, പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ സന്ദർശിക്കുകയും വിശദമായ മണ്ണ് പരിശോധനകൾ നടത്തി ഐ.ഡി.ആർ.ബിയുടെ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**